**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5068** **04-07-2024 - ൽ മറുപടിയ്ക്ക്**

**എൻ.സി.ഇ.ആർ.ടി. പാഠപുസ്തകത്തിലെ മാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിൽ അനഭിലഷണീയമായ മാറ്റങ്ങൾ വരുത്തുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | NCERTപാഠപുസ്തക പരിഷ്കരണം നടന്നു വരികയാണ്. NCERTയുടെ ഹയർ സെക്കൻഡറി പുസ്തകങ്ങളിൽ ചിലത് മാത്രമാണ് സംസ്ഥാനത്ത് ഉപയോഗിക്കുന്നത്. ഈ പുസ്തകങ്ങളുടെ ഉള്ളടക്കത്തിലെ മാറ്റം വളരെ ഗൗരവത്തോടെ കാണുകയും അതിനനുസൃതമായി സർക്കാർ ബദൽ പാഠപുസ്തകങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പാഠപുസ്തകങ്ങളിലെ മാറ്റങ്ങൾ സംബന്ധിച്ച് പരിശോധന നടത്തുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് സമിതിയിൽ ഉൾപ്പെട്ടിട്ടുള്ളത്; പ്രസ്തുത സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഹയർസെക്കൻഡറി പാഠപുസ്തകങ്ങളിൽ എൻ.സി.ഇ.ആർ.ടി. വരുത്തിയ മാറ്റം പരിശോധിക്കുന്നത് സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ വിദഗ്ധർ, വിഷയം പഠിപ്പിക്കുന്ന മൂന്ന്/ നാല് അധ്യാപകർ, ബന്ധപ്പെട്ട വിഷയത്തിന്റെ ചുമതലയുള്ള റിസർച്ച് ഓഫീസർ എന്നിവർ അംഗങ്ങളായുള്ള സമിതി രൂപീകരിക്കുകയും ആ വിഷയത്തിൽ ഉണ്ടായ മാറ്റത്തെ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഹയർ സെക്കൻഡറി ക്ലാസുകളിൽ കുട്ടികൾ പരിചയപ്പെടേണ്ട അനിവാര്യമായ ചില ഭാഗങ്ങൾ ഒഴിവാക്കി എന്ന് കണ്ടെത്തി. ഇതിനെ തുടർന്ന് ആ ഭാഗങ്ങൾ ഉൾപ്പെടുത്തി കേരളത്തിൽ ബദൽ പാഠപുസ്തകം തയ്യാറാക്കി കുട്ടികൾക്ക് അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | എൻ.സി.ഇ.ആർ.ടി. ഒഴിവാക്കിയതും എന്നാൽ വിദ്യാർത്ഥികൾ അനിവാര്യമായി അറിഞ്ഞിരിക്കേണ്ടതാണെന്ന് വിലയിരുത്തപ്പെടുന്നതുമായ പാഠഭാഗങ്ങൾ ഉൾപ്പെടുത്തി ബദൽ പുസ്തകങ്ങൾ തയ്യാറാക്കുമോ; വ്യക്തമാക്കാമോ? | (സി) | എസ്.സി.ഇ.ആർടി. രൂപീകരിച്ച സമിതി എല്ലാ വിഷയങ്ങളിലെയും മാറ്റം ആവശ്യമില്ലയെന്ന് കണ്ടെത്തിയിട്ടുണ്ട്. പൊളിറ്റിക്കൽ സയൻസ്, ഹിസ്റ്ററി, ഇക്കണോമിക്സ്, സോഷ്യോളജി എന്നീ വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. അതിൻ പ്രകാരം മേൽ വിഷയങ്ങളിൽ വിശേഷാൽ പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ എൻ.സി.ഇ.ആർ.ടി ഹയർ സെക്കൻഡറിയിൽ |

| | | | |
|---|---|---|---|
| | | | ഒഴിവാക്കിയ പാഠഭാഗങ്ങൾ എല്ലാം ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ